പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 145

# 2012-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2012

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 145

# 2012-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

2073/2012.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 145

# 2012-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2012-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 15-ാം വകുപ്പിന്റെ ഭേദഗതി.—1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1977-ലെ 11) 15-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ, "അർദ്ധവാർഷികമായി നാല് രൂപ", "അർദ്ധവാർഷികമായി എട്ട് രൂപ" എന്നീ വാക്കുകൾക്കുപകരം "പ്രതിമാസം അഞ്ച് രൂപ", "പ്രതിമാസം അഞ്ച് രൂപ" എന്നീ വാക്കുകൾ യഥാക്രമം ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിൽ "ഓരോ വർഷത്തിന്റെയും ജൂലൈ 15-ാം തീയതിക്കും ജനുവരി 15-ാം തീയതിക്കും" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ഓരോ മാസവും 15-ാം തീയതിക്ക്" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിന്റെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഓരോ തൊഴിലാളിയും അർദ്ധവാർഷികമായി നാലുരൂപ തൊഴിലാളി ക്ഷേമനിധിയിലേക്ക് അംശദായം നൽകേണ്ടതും അങ്ങനെയുള്ള ഓരോ തൊഴിലാളിയെ സംബന്ധിച്ചും ഓരോ തൊഴിലുടമയും അർദ്ധവാർഷികമായി എട്ടുരൂപ നിധിയിലേക്ക്

അംശദായം നൽകേണ്ടതുമാണ്. മേൽപ്പറഞ്ഞ നിരക്കിലുള്ള അംശദായം വളരെ നാമമാത്രവും തൽഫലമായി തൊഴിലാളി ക്ഷേമനിധിയിലേക്ക് വരവുവയ്ക്കുന്ന തുക ബോർഡിന് തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ വലിയതോതിൽ ഏറ്റെടുത്ത് നടത്തുന്നതിന് പര്യാപ്തമാകുന്നുമില്ല. ആയതിനാൽ, തൊഴിലാളിയും തൊഴിലുടമയും നൽകേണ്ടതായ അംശദായത്തിന്റെ നിരക്ക് ഓരോ മാസത്തേക്കും അഞ്ചുരൂപ വീതം ആയി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

2. പ്രസ്തുത ആക്റ്റിന്റെ 15-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ഓരോ തൊഴിലുടമയും ഓരോ വർഷവും ജൂലൈ 15-ാം തീയതിക്കും ജനുവരി 15-ാം തീയതിക്കും മുൻപ് തൊഴിലുടമയുടെ അംശദായവും തൊഴിലാളികളുടെ അംശദായവും ഇവ രണ്ടും നിധിയിലേക്ക് നൽകേണ്ടതാണ്. രണ്ട് അംശദായങ്ങളും എല്ലാ മാസവും പതിനഞ്ചാം തീയതിക്ക് മുൻപായി നൽകുന്നതിന് തൊഴിലുടമയെ ബാധ്യസ്ഥനാക്കും വിധം മേൽപ്പറഞ്ഞ ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

3. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കുവേണ്ടി 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

**ഷിബു ബേബി ജോൺ.**

(ശരിത്തർജ്ജമ)

## 1975-ലെ കേരള തൊഴിലാളി ക്ഷേമനിധി ആക്റ്റിൽ (1977-ലെ 11) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

15. തൊഴിലാളികളും തൊഴിലുടമകളും നിധിയിലേക്ക് നൽകുന്ന അംശദായം.—(1) ഓരോ തൊഴിലാളിയും അർദ്ധവാർഷികമായി നാല് രൂപ നിധിയിലേക്ക് അംശദായം നൽകേണ്ടതും അങ്ങനെയുള്ള ഓരോ തൊഴിലാളിയെ സംബന്ധിച്ചും ഓരോ തൊഴിലുടമയും അർദ്ധവാർഷികമായി എട്ട് രൂപ നിധിയിലേക്ക് അംശദായം നൽകേണ്ടതുമാണ്.

(2) ഓരോ തൊഴിലുടമയും ഓരോ വർഷത്തിന്റെയും ജൂലൈ 15-ാം തീയതിക്കും ജനുവരി 15-ാം തീയതിക്കും മുൻപ് തൊഴിലുടമയുടെ അംശദായവും തൊഴിലാളിയുടെ അംശദായവും ഇവ രണ്ടും നിധിയിലേക്ക് നൽകേണ്ടതാണ്.

** ** **